# **പ്രളയം തകർത്ത വിദ്യാർഥികൾക്ക് തണലായി "പ്രോജക്ട് ഹോപ്പ്"**




പ്രളയ ബാധിതമായ പ്രദേശങ്ങളിലെ കുട്ടികൾ അഭിമുഖീകരിക്കുന്ന മാനസികാഘാതം ലഘൂകരിക്കുന്നതിനും കുട്ടികളുടെ ക്ഷേമത്തിനുമായി കേരളാ പോലീസ് യൂണിസെഫിൻെറ സഹകരണത്തോടെ നടപ്പിലാക്കി വരുന്ന **"പ്രോജക്ട് ഹോപ്പ്"** പദ്ധതിയുടെ എറണാകുളം റൂറൽ ജില്ലയിലെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

വിവിധ തലങ്ങളിലായി നടക്കുന്ന പരിശീലന പരിപാടികളുടെയും അവബോധന ക്ലാസുകളുടെയും ഭാഗമായി ദ്വിദിന ജില്ലാ തല പരിശീലന പരിപാടി എറണാകുളം റൂറൽ ജില്ലാ പോലീസ് ഓഫീസ് ഹാളിൽ സംഘടിപ്പിച്ചു. പരിശീലന പരിപാടി ജില്ലാ പോലീസ് മേധാവി ശ്രീ രാഹുൽ ആർ നായർ IPS ഉത്ഘാടനം ചെയ്തു. അഡീഷണൽ പോലീസ് സൂപ്രണ്ട് ശ്രീ എം ജെ സോജൻ, നർക്കോട്ടിക് സെൽ ഡപ്യൂട്ടി പോലീസ് സുപ്രണ്ട് ശ്രീ എം ആർ മധുബാബു തുടങ്ങിയവർ സംബന്ധിച്ചു. ജില്ലയിലെ പ്രളയ ബാധിത പ്രദേശങ്ങളിലെ സേവന തല്പരരായ 75 ഓളം പ്രതിനിധികളാണ് വെള്ളി, ശനി ദിവസങ്ങളിലായി നടക്കുന്ന രണ്ട് ദിവസത്തെ ക്യാമ്പിൽ പങ്കെടുക്കുന്നത്.